12

# "പിതാവു പുത്രനെ സ്നേഹിക്കുന്നു"

## (5:19- 47)

ബി.സി. 49 ആയപ്പോഴേക്കും ജൂലിയസ് സീസർ റോമിന്റെ ശക്തനായ മനുഷ്യനായിത്തീർന്നു. ഒരു ഭരണാധികാരിയും സൈന്യാധിപനും എന്ന നിലയിൽ യുദ്ധം ചെയ്തു തന്റെ പ്രാഗത്ഭ്യം തെളിയിക്കുവാൻ രണ്ടു വർഷത്തേക്കു അദ്ദേഹം പട്ടണത്തിൽനിന്നു വിട്ടുനിന്നു. അതധികവും തന്റെ രാഷ്ട്രീയ എതിരാളികളെ അമ്പരപ്പിക്കുന്നതായിരുന്നു, സീസറിന്റെ ഗൗളിലെ സമയം അത്രയും റോമിൽ തിരിച്ചെത്തിയപ്പോൾ അവനെ കൂടുതൽ ശക്തനാക്കി.

റോമൻ സെനറ്റ് സീസറിനോടു മടങ്ങി വരുവാൻ കല്പിച്ചപ്പോൾ അവൻ വിചാരിച്ചതു തന്റെ ശത്രുക്കൾ തന്നെ നശിപ്പിക്കുവാൻ എത്തിയിരിക്കുന്നു എന്നാണ്. വീട്ടിലേക്കു തിരിച്ചു പോകണമെങ്കിൽ പടയാളികളെ വിട്ടു റൂബിക്കോൺ നദി കടക്കുകയും വേണം. വർഷങ്ങളോളം തികഞ്ഞ ഒരു അതിരായിരുന്നു ആ നദി, അതിനപ്പുറം സൈന്യാധിപനു പടയാളികളെ കൊണ്ടു വരുവാൻ പാടില്ല. കാരണം ശത്രുക്കളെ അവരുടെ പടയാളികളെ നിർത്തുവൻ അനുവദിക്കണം, അതുകൊണ്ടു തന്നെ റൂബിക്കോൺ കടക്കുക എന്നാൽ മരണത്തിലേക്കു ചെല്ലുക എന്നാണ്. തൽഫലമായി, തന്റെ പടയാളികളുമായി റൂബിക്കോൺ കടക്കുവാനുള്ള ധീരമായ തീരുമാനം അവൻ എടുത്തു! സീസർ "റൂബിക്കോൺ കടന്നു" എന്ന വാർത്ത നഗരത്തിലെത്തിയപ്പോൾ, യുദ്ധം പൊട്ടിപ്പുറപ്പെട്ടു എന്നു എല്ലാവരും കരുതി. അവൻ റോമൻ സെനറ്റിന്റെ എതിർപ്പു പ്രകടമാക്കുകയും അവന്റെ ശത്രുക്കൾ നഗരം വിട്ടോടുകയും ചെയ്തു. രണ്ടു മാസത്തിനുള്ളിൽ, ജൂലിയസ് സീസർ എല്ലാ എതിർപ്പുകളും ഇല്ലാതാക്കി ഇറ്റലി മുഴുവൻ അവന്റെ ആധിപത്യത്തിൻ കീഴിലാക്കി. ആ സംഭവം നിമിത്തം എടുക്കുന്ന തീരുമാനം മാറ്റുവോനോ പിൻവലിക്കുവാനോ സാധ്യമല്ലാത്തതിനെ പരാമർശിച്ചു ഇന്നും "റൂബിക്കോൺ കടക്കൽ" എന്ന പ്രയോഗം നടത്താറുണ്ട്.

യോഹന്നാന്റെ സുവിശേഷത്തിൽ ഇതുവരെ, യേശുവിന്റെ കഥകളും ആളുകളുമായുള്ള അവന്റെ ഏർപ്പാടുകളും നാം കണ്ടു. അവൻ

വ്യാധിക്കാരെ സൗഖ്യമാക്കിയതും അവരുടെ നുറുങ്ങിയ ഹൃദയങ്ങളെ ആശ്വസിപ്പിച്ച് ജീവിതത്തിലേക്കു കൊണ്ടുവന്നതും നാം കണ്ടു. അദ്ധ്യായം 5 ആരംഭിക്കുമ്പോൾ, ഒരു മുടന്തനെ യേശു സൗഖ്യമാക്കിയപ്പോൾ, യെഹൂദപ്രമാണിമാരിൽനിന്നു ശക്തമായ എതിർപ്പുണ്ടായി. നമ്മുടെ വേദഭാഗം 5:19–47 കഥയല്ല. പകരം, യേശു തന്നെ സംസാരിക്കുന്ന ഉപദേശമായിട്ടാണ് കാണുന്നത്. നാം ധൃതിപിടിച്ചു മറ്റൊരു വിവരണഭാഗത്തേക്കു ഓടരുത്, കാരണം ചില പ്രാധാന്യമുള്ളതു ഇവിടെ നടക്കുന്നുണ്ട്: *യേശു "റൂബിക്കോൺ നദി കടക്കുകയായിരുന്നു"!*

ഈ വേദഭാഗത്തിൽ, യേശു സംസാരിച്ച പ്രസ്താവനകൾ എല്ലാവരോടുമായി, "ഇത് ഒരു യുദ്ധമാണ്!" കോപാകുലരായ ആളുകളിൽനിന്നു ഈ അദ്ധ്യായത്തിന്റെ ആദ്യഘട്ടത്തിൽ യേശു മാറിക്കളഞ്ഞതുപോലെ ഇപ്പോഴും അവനു ചെയ്യാമായിരുന്നു. പകരം, അവൻ "റൂബിക്കോൺ കടന്നു," അതു ക്രൂശ് അവനെ കാത്തിരിക്കുന്നു എന്നവൻ അറിഞ്ഞിരുന്നു. ആ വേദഭാഗം സ്വാഭാവികമായി മൂന്നായിതരം തിരിക്കാം. അവയിലെല്ലാം യേശു തന്റെ അവകാശം ധീരമായി പ്രഖ്യാപിച്ചത് അധികാരികളെ കൂടുതൽ കോപാകുലരാക്കുകയും, ക്രമേണ അവനെ ക്രൂശിലേക്കു എത്തിക്കുകയും ചെയ്തു.

### താനും പിതാവും ഒന്നാകുന്നു എന്നവകാശപ്പെട്ടു (5:19-23)

ഞാൻ അധികവും എന്റെ അപ്പനെപോലെ ആണ്, പ്രത്യേകിച്ചു എന്റെ ശബ്ദം. നന്ദിപ്രകടിപ്പിക്കുന്ന ദിവസം, നല്ല സ്നേഹിതന്മാരിൽ ചിലർ ഫോണിൽ, എന്റെ മാതാപിതാക്കൾ ആ ഒഴിവു ദിവസം അവരെ സന്ദർശിക്കുന്നുണ്ടോ എന്നു ചോദിക്കുവാൻ വീട്ടിലേക്കു വിളിച്ചു. ഞാൻ ഫോൺ എടുത്തപ്പോൾ മറ്റെ അറ്റത്തു നിന്നു ചോദിച്ചു, "ഡർലീ?" (എന്റെ അപ്പന്റെ പേർ). ഞാൻ പറഞ്ഞു, "അല്ല, ഇതു ബ്രൂസ് ആണ്." പ്രതീക്ഷിച്ചതുപോലെ അപ്പുറത്തുനിന്നു പറഞ്ഞു, "ബ്രൂസേ നിന്റെ ശബ്ദം നിന്റെ അപ്പന്റെ ശബ്ദം പോലെ തന്നെ എന്നു പറഞ്ഞു!"

നമ്മുടെ ശബ്ദം മാത്രമല്ല, പിന്നീടു നാം വാസ്തവത്തിൽ അധികം അധികം അതുപോലെ ആയിത്തീരും. അടുത്ത സമയത്ത്, എന്റെ അപ്പൻ പുറത്തു പോയപ്പോൾ അമ്മ കുറെ ദിവസം ഞങ്ങളോടോപ്പം ചെലവിടുവാൻ വന്നു. ആ ആഴ്ച്ചയിൽ എത്ര തവണ ഞാൻ അതു പറഞ്ഞു എന്നെനിക്കു ഓർമ്മയില്ല, എന്റെ ഭാര്യയും അമ്മയും പരസ്പരം നോക്കി പറയും, "അയാൾ അപ്പനെപോലെ തന്നെ!" ഇതു പറയുന്നതു പലപ്പോഴും "അതു ഭയാനകം, അല്ലേ?" എന്ന എന്റെ മറുപടി കേട്ട ശേഷമാണ്.

ഞാനും അപ്പനും ചില കാര്യങ്ങളിൽ ഒരുപോലെ ആണെന്നതുപോലെ മറ്റു കാര്യങ്ങളിൽ വ്യത്യാസവുമുണ്ട്. അപ്പൻ ഒരു എഞ്ചിനീയറും, ഞാൻ ഒരു പ്രീച്ചറുമാണ്. ഞങ്ങൾക്കു രണ്ടു പേർക്കും ഒരു ഒഴിവുള്ള ഉച്ചകഴിഞ്ഞ സമയം കിട്ടിയാൽ അദ്ദേഹം ഒരു കെട്ടിടപ്പണി നോക്കുന്നതിലും, ഞാൻ വായനയിലും ആയിരിക്കും. ഞങ്ങൾ ഒരുപോലെ ആണ്, എന്നാൽ ഞങ്ങൾ വ്യത്യസ്തരുമാണ്. നാം വിചാരി

ക്കുന്നതുപോലെയുള്ള വ്യത്യാസങ്ങൾ ഇല്ലാതെയുള്ള ബന്ധമാണ് യേശു പറഞ്ഞ താനും പിതാവും തമ്മിലുള്ള അടുത്ത ബന്ധം.

ദൈവം എന്റെ പിതാവു എന്നു യേശു പറഞ്ഞപ്പോൾ, അവൻ ഉന്നയിച്ച അവകാശമാണ് യെഹൂദപ്രമാണിമാരെ കോപിപ്പിച്ചത്. മുടന്തനെ സൗഖ്യമാക്കിയശേഷം, അവൻ എതിരാളികൾ അവനെ കൊല്ലുവാൻ ശ്രമിച്ചതിന്റെ കാരണം, "അവൻ ശബ്ബത്തിനെ ലംഘിച്ചതുകൊണ്ടു മാത്രമല്ല, ദൈവം സ്വന്ത പിതാവു എന്നു പറഞ്ഞു തന്നെത്താൻ ദൈവത്തോടു സമമാക്കിയതുകൊണ്ടും യെഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചു പോന്നു" (5:18). കോപം ജനിപ്പിക്കുന്ന പ്രസ്താവനയാകാം, പക്ഷെ അതു യേശുവിന്റെ സന്ദേശത്തിന്റെയും ഉദ്ദേശത്തി ന്റെയും കാതലായിരുന്നു.

യോഹന്നാന്റെ സുവിശേഷത്തിൽ 122 പ്രാവശ്യത്തിൽ കുറയാതെ ദൈവത്തെ "പിതാവു" എന്നു സംബോധന ചെയ്തിട്ടുണ്ട്. യേശു, ദൈവപുത്രൻ ആയതുകൊണ്ടു, "പിതാവു ചെയ്യുന്നതു എല്ലാം പുത്രനും അവ്വണ്ണം തന്നേ ചെയ്യുന്നു" (5:19). യേശു ഭൂമിയിൽ ആയിരുന്നപ്പോൾ, അവനു ദൈവവുമായുള്ള ബന്ധം ഏറ്റവും അടുത്തതായിരുന്നു, അതു സ്നേഹത്തിലധിഷ്ഠിതവും പൂർണ്ണ ആശയവിനിമയത്തിലും ആയിരുന്നു. എനിക്കും എന്റെ അപ്പനും തമ്മിൽ ശ്രദ്ധേയമായ വ്യത്യാസം ഉണ്ട്, എന്നാൽ പിതാവും പുത്രനും തമ്മിൽ വ്യത്യാസമില്ല. ത്രിത്വത്തിൽ, ഉള്ള പ്രവൃത്തികളിൽ വ്യത്യാസം ഉണ്ടെങ്കിലും, അവർ സ്വഭാവത്തിൽ, ദൃഢവിശ്വാസത്തിൽ, ദൗത്യത്തിൽ, ഹൃദയത്തിൽ ഒന്നു തന്നെ. മറ്റൊരു വാക്കിൽ പറഞ്ഞാൽ, തലമുറകൾ തമ്മിലുള്ള വിടവു ഈ പിതാവും പുത്രനും തമ്മിലില്ല!

യേശു പറഞ്ഞതു പിതാവും പുത്രനും ഒന്നു എന്നത് അവർ ചെയ്യുന്നതിലും (5:19, 20), ജീവൻ നല്കുവാനുള്ള അവരുടെ കഴിവിലും (5:21), ആദരിക്കത്തക്കതായ അവരുടെ യോഗ്യതയിലും ഒന്നാണ് (5:23). അത്തരം അവകാശങ്ങൾ യെഹൂദപ്രമാണിമാർക്കു ദൈവദൂഷണമായിരുന്നു, ക്രമേണ അതു അവനെ ക്രൂശിൽ തറെക്കുവാനും കാരണമായി. ആ പ്രസ്താവനകൾ നടത്തിയതിലൂടെ തന്റെ ശത്രുക്കളോടു ആത്മീയ യുദ്ധം പ്രഖ്യാപിക്കുകയാണെന്നു യേശുവിനു അറിയാമായിരുന്നു.

## തന്റെ ദൈവിക ദൗത്യത്തിന്റെ അവകാശവാദം (5:24-29)

യോഹന്നാൻ 5:24–29–ൽ, യേശു രണ്ടു മിന്നുന്ന അവകാശങ്ങൾ നടത്തി അവനെ ദൈവപുത്രൻ എന്നു തിരിച്ചറിയുമാറാക്കി. ആദ്യം, *തന്നിൽ ജീവൻ ഉണ്ടെന്നും, ജീവൻ നല്കുവാൻ തനിക്കു കഴിവുണ്ടെന്നും അവകാശപ്പെട്ടു:*

> ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നി

> രിക്കുന്നു. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, മരിച്ച വർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവി ക്കയും ചെയ്യുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു; പിതാ വിന്നു തന്നിൽതന്നെ ജീവൻ ഉള്ളതുപോലെ അവൻ പുത്രന്നും തന്നിൽത്തന്നെ ജീവൻ ഉള്ളവൻ ആകുമാറു വരം നൽകിയിരി ക്കുന്നു (5:24-26).

പിതാവിനെ വലിയ ജീവദായകനായി കാണുന്നതുകൊണ്ടു, അവൻ ഈ അവകാശവാദം ഉന്നയിച്ചതുകൊണ്ടു, വീണ്ടും "അവനെ ദൈവ ത്തോടു സമമാക്കി" (5:18).

*രണ്ടാമതു, താനാണ് ലോകാവസാനം ന്യായം വിധിക്കുന്നതു എന്നും പറഞ്ഞു:*

> അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന്നു അധികാരവും നൽകിയിരിക്കുന്നു. ഇതിങ്കൽ ആശ്ചര്യപ്പെ ടരുത്; കല്ലറകളിൽ ഉള്ളവർ അവന്റെ ശബ്ദം കേട്ടു നന്മ ചെയ്ത വർ ജീവന്നായും, തിന്മ ചെയ്തവർ ന്യായവിധിക്കായും; പുനരു ത്ഥാനം ചെയ്‌വാ നുള്ള നാഴിക വരുന്നു (5:27-29).

അവന്റെ ശബ്ദം കേട്ടു, മരിച്ചവർ ഒരു ദിവസം എഴുന്നേല്ക്കുന്നതു, ഒന്നുകിൽ "ജീവങ്കലേക്കുള്ള പുനരുത്ഥാനത്തിനു" അല്ലെങ്കിൽ "ന്യായ വിധിക്കായുള്ള പുനരുത്ഥാനത്തിനു" (വാക്യം 29).

ന്യായവിധിയെക്കുറിച്ചുള്ള യേശുവിന്റെ പ്രസ്താവന ഒന്നാം നൂറ്റാ ണ്ടിലെ ആളുകൾക്ക് ഇഷ്ടപ്പെടാതിരുന്നതുപോലെ ഇന്നു ആധുനിക രായ കേൾവിക്കാർക്കും ഇഷ്ടമല്ല. അന്തിമ വിധിയുടെ അസുഖകര മായ സ്ഥിതി കാരണം മിക്ക ക്രിസ്ത്യാനികളും അതിനെ കാര്യമാക്കാ തിരിക്കുകയും സമൂഹം അതിനെ പുഛിച്ചു തള്ളുകയും ചെയ്യുന്നു ണ്ട്. ഈ വേദഭാഗം പറയുന്നത് യേശു തുറന്നു ന്യായവിധിയെക്കു റിച്ചു സംസാരിച്ചുവെന്നാണ്. തൽഫലമായി, പുതിയനിയമത്തിൽ മറ്റാരും പറയുന്നതിനേക്കാൾ കൂടുതലായി യേശു പറഞ്ഞു. ഈ ഉപ ദേശത്തെ ത്യജിക്കുകയെന്നാൽ മുഖ്യമായ ഒരു സത്യത്തെ ത്യജിക്കുക എന്നാണർത്ഥം. അതിലുപരി, ലോകാവസാനം, ഉചിതമായ ഒരു ഉപ ദേശം ഇല്ലെങ്കിൽ, സഭയിലെ ദൗത്യങ്ങൾക്കു പ്രസക്തിയില്ലാതാകുന്നു. ന്യായവിധിയെക്കുറിച്ചു നമുക്കു വിചാരം ഇല്ലെങ്കിൽ, കടലുകൾ കടന്നു പോയി സുവിശേഷം എത്തിക്കുവാൻ, അല്ലെങ്കിൽ റോഡിനപ്പുറം പോയി അറിയിക്കുവാൻ നമുക്കു പ്രചോദനം ഉണ്ടാവുകയില്ല!

യേശുവിന്റെ ദൗത്യാവകാശം തന്റെ കേൾവിക്കാരെ താൻ ആരായി രുന്നു എന്നതു പ്രവൃത്തിയിലൂടെ ഉറപ്പിച്ചു ബോധ്യപ്പെടുത്തുന്നതായിരു ന്നു. ദൈവപ്രവൃത്തിയോടുള്ള അവന്റെ സമർപ്പണമായിരുന്നു അവൻ ദൈവപുത്രൻ എന്നു അവകാശപ്പെട്ടത്. താൻ പിതാവിന്റെ പ്രവൃത്തിക ളാണ് ചെയ്യുന്നതെന്നു പറഞ്ഞുകൊണ്ടു, യേശു തുടർന്നും യെഹൂദപ്ര മാണിമാരെ നേരിട്ടു. അതിനു ശേഷം, പിന്നെ പുറകോട്ടു പോയില്ല!

## സാക്ഷികളുടെ അവകാശം
## (5:30-47)

എന്തടിസ്ഥാനത്തിലാണ് അവൻ ക്രിസ്തുവാണ്, ദൈവപുത്രനാണ് എന്നു നിങ്ങൾ വിശ്വസിക്കുന്നത്? ഒരു നിയമ കോടതിയിൽ നിങ്ങളുടെ വിശ്വാസം പരിശോധിക്കുവാൻ നിങ്ങളോടു ആവശ്യപ്പെട്ടാൽ, “നിങ്ങൾ എന്തുകൊണ്ടു വിശ്വസിക്കുന്നു” എന്ന ചോദ്യത്തിന് നിങ്ങൾ എന്തു മറുപടി നൽകും? അടുത്ത സമയത്ത്, ആധുനിക അപ്പോളജിസ്റ്റ്, രവി സെഖര്യാസ് പറഞ്ഞു, “സംശയാലുക്കളുടെ ബിരുദ - നിലവാരമുള്ള ലോകത്തിലാണ് നാം ജീവിക്കുന്നത്. അതിനു ബിരുദത്തിൽ താഴെയുള്ള പ്രതികരണം പോരാ.ലോകത്തിന്റെ വിഷമമേറിയ ചോദ്യങ്ങൾക്കുപോലും നാം ഉത്തരങ്ങൾ നല്കുവാൻ പ്രാപ്തരാകണം.”[1] കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റയിൽ പ്രസിദ്ധ നിരീശ്വരവാദികൾക്കു കീഴിൽ ഒരു സന്ദർശക പണ്ഡിതനായി ജോലി സ്വീകരിക്കേണ്ട തീരുമാനം അറിയിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ സെഖര്യാസ് ഈ മറുപടിയാണ് നല്കിയത്:

> സുവിശേഷീകരണം മിക്കതും പ്രതിസന്ധിയിലുള്ള ആളുകളിലാണ് ഫലമുളവാക്കിയത്. എന്നാൽ ദൈവത്തിന്റെ ആവശ്യമില്ലെന്ന ബോധ്യത്തിൽ കഴിയുന്ന അസംഖ്യം ആളുകളെ നാം എങ്ങനെ നേരിടും? ഇതാണ് എന്നെ ഏറ്റവും നല്ല നിരീശ്വരവാദികൾക്കു കീഴിൽ ജോലി ചെയ്യുവാൻ തന്നെ പ്രേരിപ്പിച്ചത്, അങ്ങനെ അവരോടു സൗമ്യമായും അതേസമയം ശക്തമായും വാദിക്കുവാനും കഴിയുമല്ലോ. സന്തോഷവാനായ അവിശ്വാസി എന്നു ഞാൻ വിളിക്കുന്ന, സത്യസന്ധനായ സംശയാലുവോടും - ചിന്തകനോടും സുവിശേഷം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.[2]

നമ്മുടെ വേദഭാഗത്ത്, ഒരു നല്ല അഭിഭാഷകൻ വിചാരണ നടത്തുന്നതുപോലെയായിരുന്നു, താൻ ദൈവപുത്രൻ ആണെന്നു സാക്ഷികളെ നിരത്തി തെളിയിച്ചത്. *പിതാവിന്റെ തന്നെ* സാക്ഷ്യം അവൻ എടുത്തു കാണിച്ചു (5:32, 37). പിന്നെ *യോഹന്നാൻ സ്നാപകന്റെ* സാക്ഷ്യം ഉദ്ധരിച്ചു (5:33). യോഹന്നാന്റെ സാക്ഷ്യം നമുക്ക് ഇന്ന് അപ്രധാന്യമായി തോന്നാം, എന്നാൽ ഒന്നാം നൂറ്റാണ്ടിൽ വളരെ പ്രാധാന്യ - മേറിയ ഒരു സാക്ഷ്യമായിരുന്നു യോഹന്നാന്റേത്. തന്റെ പുത്രത്വത്തിന് ഉള്ള സാക്ഷ്യമായി *തന്റെ തന്നെ അത്ഭുതപ്രവർത്തികളെ* യേശു എടുത്തു കാണിക്കുന്നുണ്ട് (5:36). യേശുവിന്റെ നാലാമത്തെ സാക്ഷ്യം *തിരു - വെഴുത്തുകൾ* ആയിരുന്നു (5:39). ഇതെല്ലാം ചേർത്താൽ, യേശുവിന്റെ അവകാശങ്ങൾക്കെല്ലാം ശക്തമായ തെളിവുകളായി.

യെഹൂദ പ്രമാണിമാർ തിരുവെഴുത്തുകൾ അതിന്റെ അന്തിമ ലക്ഷ്യത്തെ കാണാതെയാണ് പരിശോധിച്ചത് എന്ന് യേശു ശ്രദ്ധിച്ചു: യേശു ക്രിസ്തുവിന്റെ തന്നെ സാക്ഷ്യം! ജോർജിയയിലെ, അറ്റ്ലാന്റയിൽ, ഒരു സഭാമന്ദിരത്തിന്റെ ചുമരിൽ തൂക്കിയിട്ടിരുന്ന ചിത്രത്തെക്കുറിച്ച് ഞാൻ അടുത്ത സമയത്ത് വായിക്കുകയുണ്ടായി. ആ ചിത്രം

ചില കൊറിയൻ പടയാളികൾ സംഭാവന ചെയ്ത യേശുവിന്റേതായിരുന്നു. ഒറ്റ നോട്ടത്തിൽ അത് നല്ല ഇടയനായ യേശു ആടുകളെ സംരക്ഷിക്കുന്ന ഒന്നായി തിരിച്ചറിയാൻ കഴിയും. ആ ചിത്രത്തിൽ ഒരാൾ അടുത്തുചെന്ന് നോക്കിയാൽ ചിത്രകാരൻ പുതിയനിയമത്തിലെ എല്ലാ വാക്കുകളും അതിൽ ഉപയോഗിച്ചിരിക്കുന്നതായി കാണാം! നോക്കുന്നയാൾ ആ ചെറിയ വാക്കുകൾ ഏറ്റവും അടുത്തുചെന്ന് നിരീക്ഷിച്ചാൽ, എങ്ങനെയായാലും, ചിത്രം കാണുവാനുള്ള കഴിവ് അയാൾക്ക് നഷ്ടപ്പെടും. അതുതന്നെയാണ് യെഹൂദ പ്രമാണിമാരും ചെയ്തത്! അവർ വ്യക്തിപരമായ പ്രസ്താവനകൾ വലുതാക്കുകയും അതേ സമയം മുഴുവൻ പ്രവർത്തികളുടേയും വെളിപ്പെടുത്തിയ ഉദ്ദേശ്യം യോജിപ്പിക്കുവാൻ മറക്കുകയും ചെയ്തു!

തന്റെ പ്രതിരോധത്തിന് യേശു അവസാനമായി ഒരു സാക്ഷ്യം പറഞ്ഞത് മോശെയായിരുന്നു (5:46). വലിയ നിയമ ദാതാവിന്റെ ശത്രുവായിട്ടാണ് യേശുവിനെ അവന്റെ എതിരാളികൾ കണ്ടത്, എന്നാൽ യേശു പറഞ്ഞു, "നിങ്ങൾ മോശെയെ വിശ്വസിച്ചുവെങ്കിൽ, എന്നെയും വിശ്വസിക്കുമായിരുന്നു; അവൻ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു" (5:46). ഏതെങ്കിലും സംശയം മുൻപിലുണ്ടെങ്കിൽ, യേശു അവസാനമായി ഈ അവകാശങ്ങൾ ഉന്നയിച്ചപ്പോൾ "അവൻ റൂബിക്കോൺ കടന്നു." ദൈവമായ പിതാവിനെ കുറിച്ച്, പ്രസ്താവനകൾ നടത്തിയശേഷം യോഹന്നാൻ സ്നാപകൻ, തന്റെ പ്രവർത്തികൾ, തിരുവെഴുത്തുകൾ എന്നീ സാക്ഷ്യങ്ങൾ നിമിത്തം, യേശുവിന് പുറകോട്ടു പോകാൻ കഴിഞ്ഞില്ല!

**ഉപസംഹാരം**

ഇന്ന്, മിക്ക ആളുകളും സത്യത്തോടുള്ള ഉറച്ച നിലപാട് എടുക്കുന്നില്ല. ഒരു മുഖ്യസംസ്കാരം ഇന്നുള്ളത് ബഹുത്വം - തികഞ്ഞ സത്യവും എല്ലാറ്റിലും അന്യോന്യമുള്ള ബന്ധമുണ്ടെന്നും ഉള്ള ആശയപ്രസ്ഥാനം. എല്ലാ ആളുകളും അവരുടെ കാഴ്ചപ്പാടിൽ അവരുടേതായ വഴിയിൽ ശരിയാണ്. നമ്മുടെ ജോലി, മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ നിന്ന് അവരുടെ വീക്ഷണങ്ങളെ സ്വീകരിച്ച് മനസ്സിലാക്കുവാനാണ് നമ്മോട് പറയുന്നത്. വേദ പുസ്തകത്തിൽ നമ്മോടു പറയുന്നത്, യേശു ഈ ലോകത്തിൽ വന്ന് പറയുന്നത്, "എന്റെ ആളുകൾ എല്ലാവരേയും ബഹുമാനിക്കയും, സ്നേഹിക്കയും എല്ലാവരേയും മനസ്സിലാക്കുകയും വേണം എന്നതാണ്. എങ്ങനെയായാലും, ചില തത്വങ്ങൾ വിട്ടുവീഴ്ച ചെയ്യാവുന്നതല്ല. ചിലത് സത്യമാണ് അത് തികഞ്ഞ സത്യമായി, മറ്റുള്ളവർ എന്തു വിചാരിക്കുമെന്ന് കരുതാതെ, നാം പ്രഖ്യാപിക്കണം."

ജി. കാംപെൽ മോർഗെൻ "ദ പ്രിൻസ് ഓഫ് ബൈബിൾ എക്സ്പോസിറ്റേഴ്സ്," എന്ന പുസ്തകത്തിൽ ഈ ഭാഗത്തെ കുറിച്ച് പറഞ്ഞു, "മനുഷ്യനിലവാരത്തിൽ, യേശു അന്ന് ചെയ്തതും പറഞ്ഞതും തന്റെ പ്രാണൻ വിലയായി കൊടുക്കേണ്ടിവന്നു. അവർ ഒരിക്കലും അവനോട് ക്ഷമിച്ചില്ല."[3] അദ്ധ്യായം 5-ൽ യേശു "റൂബിക്കോൺ കടന്നു" എന്ന് മറ്റൊരുവിധത്തിൽ പറയുന്നതാണ് ഇത്. നമുക്ക് ക്രൂശിനേക്കാൾ കുറ

ഞ്ഞൊന്നും അവനോടുകൂടെ ചെയ്യാൻ സാധ്യമല്ല.

---

കുറിപ്പുകൾ

[1]രവി സെഖരിയാസ്, "റീച്ചിംഗ് ദ ഹാപ്പി പാഗൻസ്," *ക്രിസ്ത്യാനിറ്റി റ്റുഡേ* (14 നവംബർ 1994), 18. [2]ഇബിഡ്. [3]ലെയോൺമോറിസ്, *എക്സ്പോസിറ്ററി റിഫ്ളെക്ഷൻസ് ഓൺ ദ ഗോസ്പെൽ ഓഫ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1988), 193.

© 2009 Truth for Today